**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1173** **12-02-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽ നിന്നും 4.15 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മലണ്ഡലത്തിലെ കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് - മലമ്പുഴ റോഡ്, ബി.എം & ബി.സി നിലവാരത്തിൽ 2011 ൽ നവീകരിക്കുകയും, പിന്നീട് കഞ്ചിക്കോട്-മലമ്പുഴ റോഡ് (കി.മീ. 0/060-10/200) 415 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. പ്രസ്തുത റോഡിന് (കി.മീ. 1/000 മുതൽ 7/655) വരെയുള്ള പ്രവൃത്തിയ്ക്ക് മാത്രമായി പുതുക്കിയ ഭരണാനുമതിയും Nomen Clature change-ഉം GO(Rt) No. 758/2023 PWD dated 08.06.2023 പ്രകാരം 383 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി. എന്നാൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് ചെയ്നേജ് 1/000 മുതൽ 7/655 വരെയുള്ള ഭാഗത്ത് പൈപ്പ് ഇടേണ്ടി വന്നതിനാൽ, പ്രസ്തുത റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചെയ്നേജ് 1/000 മുതൽ 7/655 വരയുള്ള ഭാഗത്ത് കേരള വാട്ടർ അതോറിറ്റി പൈപ്പിടൽ ചെയ്ത ഭാഗത്തുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി 1,07,95,000/- തുകയ്ക്കുള്ള ഭരണാനുമതി നൽകുകയും, ടി പ്രവൃത്തിയും, കേരള വാട്ടർ അതോറിറ്റി പ്രവൃത്തിമൂലം റോഡിന് 1/000 മുതൽ 7/655 വരെയുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനുമായി ഉള്ള മറ്റ് പ്രവൃത്തികളും ഭരണാനുമതി ലഭിച്ച ഒറിജിനൽ പ്രവൃത്തിയും ഉൾപ്പെടുത്തിയ ഒരു പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.<br><br>ഇപ്പോൾ കഞ്ചിക്കോട്-മലമ്പുഴ റോഡ് പ്രവൃത്തിയുടെ ഭാഗമായ കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ഉപയോഗിച്ചുള്ള റെസ്റ്റൊറേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | നിലവിൽ ഈ പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; മുഴുവൻ പണികളും പൂർത്തിയാക്കി ഈ റോഡ് എന്നത്തേക്ക് ജനങ്ങൾക്ക് തുറന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ ? | (ബി) | റെസ്റ്റൊറേഷൻ പ്രവൃത്തി 5% പൂർത്തിയായിട്ടുണ്ട്. മുഴുവൻ പ്രവൃത്തികൾ 2025 മെയ് 31 -നുള്ളിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ